LIBRARY ARCHIVES Kerala Legislative Assembly

(സി) അപകടാവസ്ഥയിലുള്ള ഫ്ലാറ്റുകൾ പുനർനിർമ്മിച്ചു നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഭവന നിർമ്മാണ ബോർഡ്, ഗുണഭോക്താക്കൾക്ക് ഫ്ലാറ്റുകൾ അലോട്ട ചെയ്തു കഴിഞ്ഞാൽ കെട്ടിടങ്ങൾക്ക് കാലാകാലങ്ങളിൽ വരുന്ന അറ്റകുറ്റപ്പണികൾ നടത്തേണ്ടത് ഫ്ലാറ്റുടമകളും, ഫ്ലാറ്റ് കെട്ടിട സമുച്ചയവുമായി ബന്ധപ്പെട്ട പൊതു ഇടങ്ങളിലെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടത് ഫ്ലാറ്റ് ഉടമകളുടെ അസോസിയേഷനുമാണ്.

സംസ്ഥാനത്തെ ഭവന നിർമ്മാണ പദ്ധതികൾ

365(4375) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികളാണ് പ്രാബല്യത്തിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയെയും സംബന്ധിച്ച് വിശദവിവരം നൽകാമോ?

(എ&ബി) സംസ്ഥാനത്ത് ഭവന നിർമ്മാണ ബോർഡ് മുഖേനയും വിവിധ വകുപ്പുകൾ മുഖേനയും നടപ്പിലാക്കി വരുന്ന വിവിധ ഭവന പദ്ധതികൾ സംബന്ധിച്ചുള്ള വിവങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

വീടുകൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം

366(4376) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ 2016-21 കാലയളവിൽ ദുരന്തങ്ങളിൽ വീടുകൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ച എത്ര പേർക്ക് സാമ്പത്തിക സഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും ആയതിന് എത്ര രൂപ ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2016-21 കാലയളവിലെ ദുരന്തങ്ങളിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 2114 പേർക്ക് 2,95,61,900 (രണ്ട് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി അറുപത്തി ഒന്നായിരത്തി തൊള്ളായിരം രൂപ) ചെലവഴിച്ചിട്ടുണ്ട്.

---

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.